പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6756 9.11.2016 -ൽ മറുപടിയ്ക്ക്

## ബേക്കൽ റിസോർട്ട്സ് ഡവലപ്മെന്റ് കോർപ്പറേഷന്റെ ഹൗസ് ബോട്ടുകൾ

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ : | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ബി.ആർ.ഡി.സി യുടെ (ബേക്കൽ റിസോർട്ട്സ് ഡവലപ്മെന്റ് കോർപ്പറേഷൻ) കൈവശം എത്ര ഹൗസ് ബോട്ടുകൾ ഉണ്ടായിരുന്നു; വിശദാംശങ്ങൾ അറിയിക്കുമോ; | എ) യും ബി) യും സി) യും | ബി.ആർ.ഡി.സി യുടെ (ബേക്കൽ റിസോർട്ട്സ് ഡവലപ്മെന്റ് കോർപ്പറേഷൻ) കൈവശം 4 (നാല്) ഹൗസ് ബോട്ടുകൾ ഉണ്ടായിരുന്നു. ബി.ആർ.ഡി.സി പണികഴിപ്പിച്ച 2 ഹൗസ്ബോട്ടുകളും, 2001-ൽ ടൂറിസം വകുപ്പ് ബി.ആർ.ഡി.സിക്ക് കൈമാറിയ 2 ഹൗസ്ബോട്ടുകളും ആണ് ഇവ. ഈ ബോട്ടുകളിൽ 2 ഹൗസ്ബോട്ടുകൾ ജലഗതാഗതത്തിനു യോഗ്യമല്ല എന്ന് തുറമുഖ വകുപ്പ് സാക്ഷ്യപ്പെടുത്തിയതനുസരിച്ച് 2012, 2013 വർഷങ്ങളിൽ ആക്രി ഇനത്തിൽപ്പെടുത്തി ലേലം ചെയ്തു. നിലവിൽ ഒരു ഹൗസ് ബോട്ട് പാട്ടക്കരാറുകാരൻ അറ്റകുറ്റപണികൾ നടത്തി സഞ്ചാരയോഗ്യമാക്കി ഉപയോഗിക്കുന്നുണ്ട്. ബാക്കിയുള്ള ഒരു ബോട്ട് അറ്റകുറ്റപണികൾക്കായി കരയിലേറ്റിയിട്ടുണ്ട്. പ്രസ്തുത ബോട്ട് അറ്റകുറ്റപണികൾ പൂർത്തീകരിച്ച് ജലഗതാഗതത്തിനു യോഗ്യമാണ് എന്ന് തുറമുഖവകുപ്പിന്റെ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് സർവ്വീസ് നടത്തുന്നതാണ്. |
| ബി) | ഇത് ഇപ്പോഴും ടൂറിസ്റ്റുകൾക്കായി സർവ്വീസ് നടത്തുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | | |
| സി) | ഇല്ലെങ്കിൽ സർവ്വീസ് നടത്താതിരിക്കാനുള്ള കാരണം വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| ഡി) | നാളിതുവരെയായി ഹൗസ് ബോട്ടുകൾക്ക് ബി.ആർ.ഡി.സി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഇതിന്റെ അടിസ്ഥാനത്തിൽ എത്ര രൂപ ബി.ആർ.ഡി.സി ക്ക് വരുമാനമായി ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ? | ഡി) | നാളിതുവരെയായി ബി.ആർ.ഡി.സി ഹൗസ് ബോട്ടുകൾക്കും മറ്റും ആയി 32,06,576 രൂപ ചെലവഴിച്ചു. ബി.ആർ.ഡി.സി ക്ക് ഹൗസ് ബോട്ടുകളിൽ നിന്നും 36,33,888 രൂപ വരുമാനമായി ലഭിച്ചു. |

സെക്ഷൻ ഓഫീസർ